# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2409      23.01.2014-ൽ മറുപടിക്ക്

### ഭവനനിർമ്മാണ സാമഗ്രികളുടെ വില നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എം. ഉമ്മൻ മാസ്റ്റർ ; | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഭവന നിർമ്മാണ സാമഗ്രികളുടെ വില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ കെട്ടിട നിർമ്മാണ സാമഗ്രികളായ കോൺക്രീറ്റ് ബ്ലോക്ക്, സ്റ്റബിലൈസ്ഡ് മഡ് ബ്ലോക്ക്, കോൺക്രീറ്റ് കട്ടിള, ജനൽ ഫ്രെയിമുകൾ, എന്നിവയുടെ ഉല്പാദന കേന്ദ്രങ്ങളും, സിമന്റ്, കമ്പി, മണൽ എന്നിവ വിതരണം ചെയ്യുന്നതിനുള്ള കലവറകളും പ്രവർത്തിക്കുന്നുണ്ട്. കലവറകളിലൂടെ ബി.പി. എൽ ഗുണഭോക്താക്കൾക്ക് 15% വിലകുറച്ച് സിമന്റ്, കമ്പി എന്നിവ വിതരണം ചെയ്തു വരുന്നു. നിലവിലുള്ള ഉത്പാദന കേന്ദ്രങ്ങളുടെ വിപുലീകരണവും എല്ലാ വർഷവും നടത്തിവരുന്നു. |

| | | |
|---|---|---|
| (ബി) സർക്കാർ അധീനതയിലുള്ള 'കലവറ' മുഖേന എന്തെല്ലാം സാധനങ്ങളാണ് ലഭിക്കുന്നത്; | (ബി) | സിമന്റ്, കമ്പി, മണൽ എന്നിവയാണ് കലവറ മുഖേന ലഭ്യമാക്കുന്നത്. |
| (സി) സർക്കാർ നിലവിൽ വന്ന ശേഷം പുതിയ 'കലവറ'കൾ അനുവദിച്ചിട്ടുണ്ടോ; ഇനിയും അനുവദിയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എങ്കിൽ എവിടെയെല്ലാമാണെന്ന വ്യക്തമാക്കാമോ ? | (സി) | സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ കല്ലുവാതുക്കൽ, കാരോട്, അടൂർ, പാല, പാലക്കാട്, ചിറ്റൂർ എന്നീ റീജിയണൽ കേന്ദ്രങ്ങളിലായി 6 കലവറകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചു. കൂടാതെ മുട്ടം, ചെട്ടികുളങ്ങര, മാനന്തവാടി എന്നീ 3 കലവറകളുടെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. ഇവ അടുത്തു തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കോഴഞ്ചേരി, നീണ്ടൂർ, ഉദയനാപുരം, ഇടക്കാട്ടുവയൽ, അഗളി എന്നീ സ്ഥലങ്ങളിൽ കലവറകളുടെ നിർമ്മാണ പ്രവർത്തനം നടന്നു കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ